# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 778 08.03.2012 ൽ മറുപടിയ്ക്ക്**

മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണ അനുമതി

**ചോദ്യം**

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ.വി.റ്റി.ബൽറാം:

**മറുപടി**

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവവകുപ്പു മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി ക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ഡാം നിർമ്മിക്കുന്നതിനുള്ള സർവേയും ഇൻവെസ്റ്റിഗേഷനും പൂർത്തിയാക്കി പുതിയ ഡാമിനായി തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് (DPR) സർക്കാർ അംഗീകാരം നൽകി, അനന്തര നടപടികൾക്കായി ഉന്നതാധികാര സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഡാമിനുവേണ്ടിയുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് യോഗ്യരായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതിനുപുറമെ മുല്ലപ്പെരിയാർ ഡാം |

| | |
|---|---|
| | നിർമ്മിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പരിസ്ഥിതിയുമായി ബന്ധപ്പെട്ട അനുമതി ബന്ധപ്പെട്ടവരിൽ നിന്ന് ലഭിട്ടിച്ചിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) അണക്കെട്ട് നിർമ്മിക്കുന്നതിന് ആഗോള ടെണ്ടർ വിളിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) മുല്ലപ്പെരിയാർ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകിയശേഷം ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊളളുന്നതാണ്. |

സെക്ഷൻ ഓഫീസർ